പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3263 — 14.10.2011 ൽ മറുപടിയ്ക്ക്

ഭൂഗർഭ വൈദ്യുതി ലൈനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. എസ്. സുനിൽ കുമാർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ലൈനുകൾ ഭൂഗർഭ പാതയിലൂടെയാക്കുന്ന പദ്ധതി എന്ന് ആരംഭിക്കാനാകും ; | (എ) കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ആർ.എ.പി.ഡി.ആർ.പി.യിൽ ഉൾപ്പെടുത്തി വൈദ്യുതി വിതരണ-പ്രസരണ-വാണിജ്യ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി വിതരണ തടസ്സങ്ങൾ പരിഹരിക്കുന്നതിനും വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഇതിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട് |
| (ബി) ആയതിലേക്കുള്ള പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകും ; | (ബി) ആർ.എ.പി.ഡി.ആർ.പി പാർട്ട് (ബി) പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ 31.3.2013 നോട് കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) പദ്ധതിക്കായി എത്ര തുക ചെലവഴിക്കേണ്ടിവരും ; | (സി) ആർ.എ.പി.ഡി.ആർ.പി പാർട്ട് (ബി) പദ്ധതിക്കായി 872.17 കോടി രൂപയ്ക്ക് ഉള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 20 ടൗണുകളിലും രണ്ട് നഗരങ്ങളിലുമായി 170.5 കോടി രൂപാ ചെലവിൽ 672.കി.മീറ്റർ 11 കെ.വി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പദ്ധതി ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) ഇതിനാവശ്യമായ തുക എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത് ? | (ഡി) ആർ.എ.പി.ഡി.ആർ.പി പ്രകാരം 872.17 കോടി രൂപ അടങ്കൽ തുകയ്ക്ക് ഉള്ള പദ്ധതിക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. അടങ്കൽ തുകയുടെ 25% കേന്ദ്ര സർക്കാരിൽ നിന്നും വായ്പയായി |

(- - - 2)

ലഭിക്കുന്നതാണ്. ബാക്കി തുക ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നോ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വായ്പ-യായി എടുക്കാവുന്നതാണ്. പദ്ധതി സമയബന്ധിതമായി പൂർത്തി-യാക്കുകയും പ്രഖ്യാപിത ലക്ഷ്യം പൂർണ്ണമായി കൈവരിക്കുകയും ചെയ്താൽ, പദ്ധതി തുകയുടെ 50% വരെ ഗ്രാന്റായി ലഭിക്കുന്നതാണ്.

പ്രസ്തുത പദ്ധതിയുടെ നടത്തി-പ്പിനായി അടങ്കൽ തുകയുടെ 15% അഡ്വാൻസ് ലോണായി (130.82 കോടി രൂപ) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ